ഉത്തരം

(എ) ക്യാബിനറ്റ് കുടിക്കൊണ്ടിരിക്കുമ്പോൾ മാത്രമല്ല ഏതു സമയത്തായാലും ഐഡന്റിറ്റി കാർഡോ പാസ്സോ ഇല്ലാതെ ആരെയും സെക്രട്ടേറിയറ്റിനകത്ത് കടത്തിവിടരുതെന്ന് സെക്രട്ടേറിയറ്റ് സെക്യൂരിറ്റി ഇൻസ്ട്രക്ഷനിൽ വ്യവസ്ഥയുണ്ട്.

(ബി) സെക്യൂരിറ്റിയുടെ ഭാഗമായിട്ട്, പാസ്സും തിരിച്ചറിയൽ കാർഡും പരിശോധിക്കേണ്ടത് സെക്യൂരിറ്റി ഗാർഡിന്റെ ഡ്യൂട്ടിയാണ്. അതു പരിശോധിച്ച് സെക്യൂരിറ്റി ഗാർഡ് കടത്തിവിടുന്ന ഒരാളോട് പാസ്സ് ആവശ്യപ്പെടാൻ ലിഫ്റ്റ് ഓപ്പറേറ്റർക്ക് അധികാരമില്ല. 17-1-2001-ൽ ലിഫ്റ്റ് ഓപ്പറേറ്റർ ശ്രീ. വേണുഗോപാലൻ നായരെ കൈരളി ചാനലിലെ പ്രതിനിധി മർദ്ദിച്ച സംഭവം ഉണ്ടായിട്ടില്ല.

(സി) ഉണ്ട്. 17-1-2001-ൽ

(ഡി-എഫ്) പരാതി സംബന്ധിച്ച് പൊതുഭരണ (ഹൗസ്കീപ്പിംഗ് സെൽ) വകുപ്പ് അഡിഷണൽ സെക്രട്ടറി നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. വേണുഗോപാലൻ നായർ (സീനിയർ) കുറ്റക്കാരനാണെന്നു കണ്ടതിനാൽ അദ്ദേഹത്തെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്തുകൊണ്ട് 19-1-2001-ൽ ഉത്തരവായി.

വിലാപയാത്രയ്ക്ക് നേരെ ആക്രമം

79 (1013) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 14-ാം തീയതി നാദാപുരത്തിന് സമീപം താനക്കോട്ടൂരിൽ കൊലചെയ്യപ്പെട്ടതായുള്ളതിൽ മൊയ്തുഹാജിയുടെ മൃതദേഹവുമായി പുറപ്പെട്ട വിലാപയാത്രയ്ക്ക് നേരെ ആക്രമണമുണ്ടായിട്ടുണ്ടോ ;

(ബി) വിലാപയാത്ര കഴിഞ്ഞ് പാറക്കടവിൽ നിന്ന് തിരിച്ച മുസ്ലീം ലീഗ് പ്രവർത്തകർക്ക് നേരെ തുണേരിപട്ടാണിക്കിണറിന് സമീപം വച്ച് ബോംബേറുണ്ടായോ ;

(സി) അതിൽ ആർക്കെല്ലാം പരിക്കേറ്റു ;

(ഡി) ഈ വിലാപയാത്രയെ തുടർന്ന് ആക്രമമുണ്ടാകാനുള്ള സാദ്ധ്യതകൾ പ്രതീക്ഷിച്ചുകൊണ്ട്, അത് തടയാൻ ശക്തമായ നടപടി എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) പുറമേരിയിലും തെരുവൻ പറമ്പിലും എത്ര കടകളും വീടുകളും തീവയ്ക്കപ്പെടുകയോ തകർക്കപ്പെടുകയോ ചെയ്തു ; ഇതുമൂലം എന്തു നഷ്ടമുണ്ടായി എന്ന് കണക്കാക്കപ്പെടുന്നു ;

(എഫ്) ഈ സ്ഥലങ്ങളിൽ എത്ര വാഹനങ്ങൾ തകർക്കപ്പെട്ടു ; അതുമൂലം എന്ത് നഷ്ടം ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; എങ്കിൽ ഈ കേസുകളിലെ പ്രതികൾ ആരെല്ലാമാണ് ;

(എച്ച്) ഇവർ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെടുന്നവരോ അനുഭാവികളോ ആണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പുറമേരിയിൽ വച്ച് കല്ലേറ് ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ശക്തമായ നടപടി എടുത്തിട്ടുണ്ട്.

(ഇ) 30 വീടുകൾക്കും 12 കടകൾക്കും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കേസന്വേഷണം നടന്നുവരികയാണ്.

(എഫ്) അന്വേഷണം പൂർത്തിയായാലെ നഷ്ടം കൃത്യമായി കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(ജി & എച്ച്) ഇതു സംബന്ധിച്ച് 47 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കേസന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് നടത്തി വരുന്നു.

തലസ്ഥാനത്ത് 2000 ജൂലായ് 13-ന് നടന്ന അക്രമസംഭവം

80 (1014) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലായ് 13-ന് സംസ്ഥാന തലസ്ഥാനത്ത് അക്രമം നടന്നേക്കാനിടയുണ്ടെന്ന് കേന്ദ്ര ഇന്റലിജൻസ് വിഭാഗം മുന്നറിയിപ്പ് നൽകിയിരുന്നുവോ ;

(ബി) എങ്കിൽ അതനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) പ്രസ്തുത ദിവസം കിഴക്കേക്കോട്ട മുതൽ വി. ജെ. ടി ഹാൾ വരെ യൂണിഫോം ധരിച്ച എത്ര പോലീസുകാരും പോലീസ് ഓഫീസർമാരും, യൂണിഫോം ധരിക്കാതെയുള്ള എത്ര മഫ്ടി പോലീസുകാരും ഡ്യൂട്ടിയിലുണ്ടായിരുന്നു ;

(ഡി) ഇവർ ആരെങ്കിലും എന്തെങ്കിലും അക്രമ പ്രവർത്തനങ്ങൾ കിഴക്കേക്കോട്ടയ്ക്കും വി. ജെ. ടി ഹാളിനും മദ്ധ്യേയുള്ള സ്ഥലത്ത് നടക്കുന്നതായി കണ്ടതായി റിപ്പോർട്ടുണ്ടോ ;

(ഇ) എങ്കിൽ ആരാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തതെന്ന് പറയാമോ ;

(എഫ്) കിഴക്കേക്കോട്ടയ്ക്കും വി. ജെ. ടി ഹാളിനും മദ്ധ്യേ നടന്ന അക്രമ പ്രവർത്തനങ്ങൾമൂലം എന്ത് നാശനഷ്ടമുണ്ടായിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly